പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 4356

19..10..2011 ൽ മറുപടിക്ക്

സിഡിറ്റിലെ പ്രവൃത്തി ദിവസങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) | | ശ്രീ. കെ.സി. ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരിക കാര്യവും വകുപ്പ് മന്ത്രി) | |
| എ) | സിഡിറ്റിലെ പ്രവൃത്തി ദിവസങ്ങൾ ആഴ്ചയിൽ അഞ്ച് ദിവസമായി ചുരുക്കുന്നതിന് ഐ&പി.ആർ.ഡി. വകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; | എ) | ഇല്ല |
| ബി) | എങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ; | ബി) | ബാധകമല്ല |
| സി) | പ്രവൃത്തിദിനം അഞ്ചായി ചുരുക്കുന്നതിന് സിഡിറ്റ് ഗവേണിംഗ് ബോഡിയോ എക്സിക്യൂട്ടീവ് കമ്മിറ്റിയോ തീരുമാനം എടുത്തിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കാമോ; | സി) | ഇല്ല. |
| ഡി) | സർക്കാർ ഉത്തരവോ ഗവേണിംഗ് ബോഡി തീരുമാനമോ ഇല്ലാതെ ഇത്തരം ഉത്തരവ് ഇറക്കിയത് ആരാണ്; ഇത്തരം കാര്യങ്ങളിൽ നയപരമായ തീരുമാനം എടുക്കുന്നതിനുള്ള അധികാരം ആർക്കാണ്; ഇതിനുള്ള വ്യവസ്ഥകൾ എന്താണെന്ന് വിശദമാക്കാമോ; | ഡി) | സിഡിറ്റിന്റെപ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും ജീവനക്കാരെ കർമ്മനിരതരാക്കുന്നതിനും അനാവശ്യമായ പ്രതിവാര ചെലവുകൾ ലഘൂകരിക്കുന്നതിനും വേണ്ടി നിലവിലുള്ള പ്രവർത്തനസമയത്തിൽ ഒരു മണിക്കൂറും 15 മിനിട്ടും കൂടി അധികമായി ഉൾപ്പെടുത്തി പ്രവർത്തന സമയം രാവിലെ 9.30 മുതൽ വൈകുന്നേരം 5.30 വരെയാക്കുകയും നിലവിലുള്ള ഉച്ചഭക്ഷണസമയത്തിൽ നിന്നും 15 മിനിട്ടു കുറവു ചെയ്യുകയും ചെയ്തുകൊണ്ട് പഞ്ചദിനപ്രവർത്തനവാരമായി ഉത്തരവ് പുറപ്പെടുവിച്ചത് സിഡിറ്റിന്റെ ഡയറക്ടറാണ്. സിഡിറ്റ് സൊസൈറ്റിയുടെ നിയമാവലി പ്രകാരം ഡയറക്ടറിൽ നിക്ഷിപ്തമായ അധികാരം ഉപയോഗിച്ചാണ് ടി ഉത്തരവ് പുറപ്പെടുവിച്ചത്. |
| ഇ) | പബ്ലിക് റിലേഷൻസ് വകുപ്പ് സെക്രട്ടറി, ധനകാര്യവകുപ്പ് അഡീഷണൽ സെക്രട്ടറി, പി.ആർ.ഡി. ഡയറക്ടർ, സിഡിറ്റ് ഡയറക്ടർ, രജിസ്ട്രാർ എന്നിവരടങ്ങുന്ന എക്സിക്യൂട്ടീവ് കമ്മിറ്റി യോഗം ചേരാത്ത വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനുള്ള കാരണം എന്താണെന്ന് വിശദമാക്കാമോ; | ഇ) | എക്സിക്യൂട്ടീവ് കമ്മിറ്റി പുന:സംഘടിപ്പിച്ചിട്ടില്ലാത്തതിനാൽ യോഗം ചേരാൻ കഴിഞ്ഞിട്ടില്ല.. |

| | | | |
|---|---|---|---|
| എഫ്) | ജി.ഒ. (പി) നം. 204/2011/എഫ് ഐ.എൻ. ഡേറ്റഡ് 2-5-11 നുള്ള ഉത്തരവു പ്രകാരം ഓഫീസ് അസിസ്റ്റന്റ്/ക്ലാർക്ക് തസ്തികകളിൽ ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവർക്ക് എത്ര രൂപയാണ് നൽകിവരുന്നത്; | എഫ്) | 350/- രൂപ |
| ജി) | സിഡിറ്റിൽ ഇത്തരത്തിൽ ജോലി ചെയ്യുന്നവർക്ക് നൂറ് ശതമാനം ഡി.എ. യും കൂട്ടി വേതനം നൽകാൻ തീരുമാനം എടുത്തിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ? | ജി) | ഇല്ല. |

സെക്ഷൻ ഓഫീസർ